**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **05-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് നെൽകർഷകർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിലെ നെൽകർഷകരെ സഹായിക്കുന്നതിനായി വകുപ്പിന്റെ കീഴിൽ ഏതെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | കുട്ടനാട് - അപ്പർകുട്ടനാട് എന്നിവിടങ്ങളിലെ നെൽകർഷകരെ സഹായിക്കുന്നതിനായി വകുപ്പിന്റെ കീഴിൽ സംസ്ഥാനമാകെ അധികാര പരിധിയോടു കൂടിയ ഒരു നെല്ല് സഹകരണ സംഘം രൂപീകരിച്ചു പാലക്കാട് റൈസ് മിൽ മാതൃകയിലുള്ള രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ടി പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ഒഴികെയുള്ള 13 ജില്ലകൾ അധികാര പരിധിയോട് കൂടിയ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (KAPCOS) ക്ലിപ്തം നമ്പർ.4505 എന്ന സഹകരണ സംഘം 2021 ആഗസ്റ്റ് 27 ന രജിസ്റ്റർ ചെയ്തു. കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്നാണ് കോട്ടയം ആസ്ഥാനമായുള്ള ഈ നെല്ല് സഹകരണ സംഘം രൂപീകരിച്ചത്. ടി സംഘത്തിന്റെ അംഗീകൃത മൂലധനം 310 കോടി രൂപയാണ്. കേരള സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചും സംസ്കരിച്ചും കാർഷിക ഉത്പന്നങ്ങൾ ജില്ലയ്ക്കകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധസർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. |

സെക്ഷൻ ഓഫീസർ